14

# "ഈ അപ്പം തിന്നുക"

## (6:16- 69)

ഒരു ഞായറാഴ്ച്ച ഒരു കുട്ടി പള്ളിയിലെ സൺഡെ ക്ലാസ് കഴിഞ്ഞു വീട്ടിൽ വന്നു തന്റെ അമ്മയോടു ക്ലാസിൽ പഠിപ്പിച്ചതു ഇങ്ങനെ വിവരിച്ചു. "മോശെ എന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു," കുട്ടി പറഞ്ഞു തുടങ്ങി. "അവൻ ജനങ്ങളെ മിസ്രയിമിൽനിന്നു കൂട്ടിക്കൊണ്ടു വരുമ്പോൾ, അവർ കടലിനും ശത്രുസൈന്യത്തിനും ഇടയിലായിപ്പോയി." അവനെ തുടർന്നു പറയുവാൻ പ്രോൽസാഹിപ്പിച്ചു "അവൻ അപ്പോൾ എന്തു ചെയ്തു" എന്നു ചോദിച്ചു. "അവൻ എഞ്ചിനീയർമാരെ വിളിച്ചു ചങ്ങാടം കൊണ്ടു ഒരു പാലം ഉണ്ടാക്കി രക്ഷപ്പെടുവാൻ പറഞ്ഞു. പിന്നെ ആളുകൾ സുരക്ഷിതരായി മറുകര കടന്നപ്പോൾ, മിസ്രയിം സൈന്യം പാലത്തിലൂടെ കടക്കുവാൻ തുടങ്ങി. ഉടനെ മോശെ ഒരു എയർ സ്ട്രയിക്ക് തുടങ്ങി പാലം പൊളിക്കുകയും ചെയ്തു!" അമ്മ ബൈബിൾ പണ്ഡിത അല്ലെങ്കിലും, അവൾക്ക് അറിയാമായിരുന്ന സംഭവം അതായിരുന്നില്ല എന്നവൾക്കറിയാമായിരുന്നു. അതുകൊണ്ടു, "അങ്ങനെ തന്നെയാണോ നിന്റെ ടീച്ചർ അതു പഠിപ്പിച്ചത്?" എന്നു ചോദിച്ചു. അവളുടെ മകൻ അതിനു മറുപടിയായി, പറഞ്ഞു, "അല്ല, ടീച്ചർ പഠിപ്പിച്ചതു അങ്ങനെ തന്നെ പറഞ്ഞാൽ അതു അമ്മ ഒരിക്കലും വിശ്വസിക്കുകയില്ല!"[1]

അയ്യായിരം പേരെ പോഷിപ്പിച്ചതും അത്തരം ഒരു സംഭവം ആയിരുന്നു. വിശന്നു വലഞ്ഞ അയ്യായിരം യോദ്ധാക്കളെ യേശു അഞ്ചപ്പവും രണ്ടു മീനും കൊണ്ടാണ് പോഷിപ്പിച്ചത്. അവരെല്ലാവരും തിന്നു തൃപ്തരായശേഷം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. "അവർ അവനെ ബലാല്ക്കാരേണ രാജാവാക്കുവാൻ ഭാവിച്ചു" (6:15) എന്നതിൽ അല്പം സംശയം ഉണർത്തുന്നു. തൊട്ടു മുമ്പു അവർ കണ്ടതായ ശക്തി (രുചിച്ചതും) അവർക്കു മനസിലാക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു.

പുരുഷാരം തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നതു യേശു അറിഞ്ഞിട്ട്, അവൻ "പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി" (6:15). മത്തായിയും മർക്കൊസും രേഖപ്പെടുത്തിയിരിക്കുന്നത് ആദ്യം അവൻ പന്തിരുവരെ പടകിൽ ദൂരെ അയച്ച ശേഷം പുരുഷാരത്തെ പിരിച്ചുവിട്ടു എന്നാണ് (മത്തായി 14:22; മർക്കൊസ് 6:45). യോഹന്നാൻ പറഞ്ഞത്, "യേശു ... പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി"

എന്നാണ് (6:15). പിന്നെ വൈകുന്നേരം ആയപ്പോൾ, അവന്റെ ശിഷ്യന്മാർ ഒരു പടകിൽ കഫർന്നഹൂമിലേക്കു മടങ്ങി വന്നു. ഈ സമയത്ത് യേശു ഒഴിച്ച് സംഭവത്തിലെ മറ്റെല്ലാവരും പരിഭ്രമിച്ചിരിക്കാം. അവർ വിചാരിച്ചത് അവൻ വലിയൊരു വിജയത്തിൽനിന്നു പിൻവാങ്ങി എന്നാണ്. "അവൻ എന്താണ് വിചാരിക്കുന്നത്?" എന്ന് അവർ അത്ഭുതപ്പെട്ടിരിക്കാം.

ആ സന്ധ്യക്കു പന്തിരുവരും കൂടുതൽ പരിഭ്രാന്തരായി. അവർ സന്ധ്യക്കു പടകിൽ തടാകത്തിനക്കരെ പോകുമ്പോൾ കൊടുങ്കാറ്റു അടിക്കയാൽ അവരുടെ പടകു മുങ്ങുമെന്ന ഭീഷണിയിലായി (6:16–18). അപ്പോൾ, യേശു വെള്ളത്തിന്മേൽ നടക്കുന്നതു അവർ കണ്ടു. അവരുടെ ഭയം കണ്ടിട്ടു അവൻ അവരോടു, "ഞാൻ ആകുന്നു; പേടിക്കേണ്ടാ എന്നു പറഞ്ഞു" (6:20). അവൻ പടകിൽ കയറിയ ഉടനെ അവരുടെ പടകു കഫർന്നഹൂമിൽ എത്തി. പരിഭ്രാന്തി, നിരാശ, ഭീകരത, പേടി, നിറഞ്ഞ ആശ്വാസം, ആവേശം, അത്ഭുതം: എന്നിവയെല്ലാം ശിഷ്യന്മാർ ഒറ്റ ദിവസം അനുഭവിച്ചു!

അടുത്ത ദിവസം, യേശു മുമ്പു അഞ്ചപ്പവും രണ്ടു മീനും കൊണ്ടു പോഷിപ്പിച്ചതായ അയ്യായിരം പേർ യേശുവിനെ കാണുവാൻ തിരയുന്നു. അവൻ കഫർന്നഹൂമിൽനിന്നാണെന്നു അറിഞ്ഞതുകൊണ്ട് (അവൻ പ്രായപൂർത്തിയായപ്പോൾ ശുശ്രൂഷിച്ച സ്വ - ദേശം), അവർ അവിടേക്ക് പടകുകളിൽ വരാൻ തുടങ്ങി. അന്നു അവിടേക്കു എത്ര പേർ വന്നു എന്നു യോഹന്നാൻ രേഖപ്പെടുത്തിയിട്ടില്ല, എങ്കിലും, പുരുഷാരത്തിൽ മിക്കപേരും അവനെ അപ്പോഴും പിടിച്ചു രാജാവാക്കുവാനായിരിക്കാം വന്നത്. കഫർന്നഹൂമിൽ എത്തിയപ്പോൾ അവർ അവനെ പള്ളിയിൽ വെച്ചു കണ്ടു (6:59). യേശുവിന്റെ വിഷമമേറിയതും ആജ്ഞാപിക്കുന്നതുമായ പ്രസംഗമാണ് തങ്ങൾ കേൾക്കുവാൻ പോകുന്നത് എന്നവർ അറിഞ്ഞിരിക്കയില്ല; യേശു ജീവന്റെ അപ്പം ആണ് എന്ന പ്രസംഗവും അവർ കേൾക്കുവാൻ പോകുന്നു.

## ഉപദേശം (6:25-59)

### എളുപ്പമുള്ള ശിഷ്യത്വം (6:25-34)

യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ചുള്ള നമ്മുടെ പഠനത്തിന്റെ ഈ സമയത്ത്, അടുത്ത ദിവസം വന്ന പുരുഷാരത്തോടു യേശു സൗമ്യമായോ അനുമോദിച്ചുകൊണ്ടോ അല്ല സ്വീകരിച്ചത് എന്നു കാണുമ്പോൾ ഒരുപക്ഷെ നിങ്ങൾ അതിശയിക്കാനിടയില്ല. അവൻ നിക്കൊദേമോസിനോടു പ്രതികരിച്ചതാണ് ഇതു നമ്മെ ഓർപ്പിക്കുന്നത് (3:3), യേശു ഉടനെ പുരുഷാരത്തെ ശാസിച്ചു:

> ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല; അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രെ എന്നെ അന്വേഷിക്കുന്നത്. നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിനായിട്ടുതന്നേ പ്രവർത്തി

പ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും; അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു എന്നു പറഞ്ഞു (6:26, 27).

യേശു പറഞ്ഞതായ, ഈ ആളുകൾ, ദൈവത്തിൽനിന്നു ഒരടയാളം കണ്ടതാണ്. യേശുവിന്റെ ജീവിതത്തിൽ ദൈവകരം ഉണ്ടായിരുന്നതായി അവർ തിരിച്ചറിഞ്ഞിരുന്നു, എന്നാൽ യേശുവുമായി അവർക്കുണ്ടാകുവാനുള്ള ദൈവം ആഗ്രഹിച്ച ബന്ധത്തെ അവർക്കു മനസിലാക്കുവാൻ കഴിഞ്ഞില്ല. പിതാവിനെ കാണിച്ചുതരണമെന്ന വിശ്വാസം ഉണ്ടാകുന്നതിനു പകരം, അവർ അത്ഭുതകരമായ അപ്പത്തിന്നു തെറ്റായ അർത്ഥം കൊടുത്തു. അവർ വിശ്വസിച്ചു എന്നു (വാക്കിന്റെ ഒരർത്ഥത്തിൽ) പറഞ്ഞേക്കാം, എന്നാൽ (യേശു യോഹന്നാന്റെ സുവിശേഷത്തിൽ ഉദ്ദേശിച്ച അർത്ഥത്തിൽ) വാസ്തവത്തിൽ വിശ്വസിച്ചില്ല.

പുരുഷാരം തങ്ങളുടെ താല്ക്കാലിക ആവശ്യങ്ങൾക്കാണ് തന്റെ അടുക്കൽ വരുന്നത് എന്നും യേശു അറിഞ്ഞിരുന്നു. അവർ “അപ്പം തിന്നു, തൃപ്തരാകുകയും ചെയ്തു” (6:26). ഇത് യേശുവിന്റെ അടുക്കലേയ്ക്ക് ഈ ലോകത്തിലെ അനുഗ്രഹങ്ങൾക്കായി വരുന്ന ആരിലും കാണാം. ഉദാഹരണമായി, തന്റെ ബിസിനസ്, വിവാഹ ജീവിതം, അല്ലെങ്കിൽ ആരോഗ്യം എന്നിവ യേശുവിന്റെ അടുക്കൽ വന്നാൽ നന്നായി തീരും എന്ന വിശ്വാസമുള്ളവരുണ്ട്. ഇതെല്ലാം ശരിയായിരിക്കാം, യേശുവിന്റെ ഏറ്റവും വലിയ വിചാരം താൻ മുഖേന പിതാവിനെ അറിയുക എന്നതാണ്. അതിൽ കുറഞ്ഞത് വ്യാജമതമായിരിക്കും! “എളുപ്പമുള്ള ശിഷ്യത്വം,” എന്ന യേശു ക്രിസ്തുവിനെ അനുഗമിക്കുന്ന ധാരണ, യേശു ക്രിസ്തു നിക്ഷേധിക്കുന്ന ഒന്നാണ്.

പുരാഷാരം യേശുവിനോട് ചോദിക്കുവാൻ തുടങ്ങി, “ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തികൾ പ്രവർത്തിക്കേണ്ടതിന് ഞങ്ങൾ എന്തു ചെയ്യേണം?” (6:28). യേശു മറുപടി പറഞ്ഞു, “ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ” (6:29). വീണ്ടും യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം “വിശ്വസിക്കുക” എന്നാണെന്ന് നമ്മെ ഓർപ്പിക്കുന്നു (20:31), അതിന്റെ അർത്ഥം എന്തെങ്കിലും സത്യമാണെന്ന് സ്വീകരിക്കുന്നതിനേക്കാൾ അധികമാണ്. പിന്നീട് മന്ന എന്ന വിഷയം, മോശെയുടെ കാലത്ത് കൊടുത്തതായ “സ്വർഗ്ഗീയ അപ്പം” ആളുകൾ പറയുകയുണ്ടായി. യേശു അതിനുമറുപടിയായി ദൈവം മോശെയുടെ കാലത്ത് കൊടുത്തതിനേക്കാൾ വലുതായ “വാസ്തവത്തിലുള്ള അപ്പം” ദൈവം തരുവാൻ ആഗ്രഹിക്കുന്നു. സംഭവത്തിൽ ഈ സമയത്ത്, ശമര്യക്കാരി സ്ത്രീയും യേശുവുമായുള്ള സംഭാഷണത്തിൽ അവൾ പ്രതികരിച്ചതുപോലെ ആണ് ആളുകൾ പ്രതികരിച്ചത് (4:15): അവൻ സംസാരിച്ച അപ്പം തങ്ങൾക്കും തരേണമെന്ന് അവർ യേശുവിനോട് ആവശ്യപ്പെട്ടു. അവരുടെ ആവശ്യത്തെ അവസരമാക്കിയെടുത്ത അതിന്റെ ആഴമേറിയ അർത്ഥം അവരോടു സംസാരിക്കുവാൻ തുടങ്ങി.

**പ്രയാസമേറിയ ശിഷ്യത്വം (6:35-52)**

"ഞാൻ ജീവന്റെ അപ്പമാവുന്നു" എന്ന വാക്കുകൾ (6:35) യേശുവും പുരുഷാരവും തമ്മിലുള്ള സംസാരമദ്ധ്യേ ഒരു ബോംബു പോലെ പൊട്ടിത്തെറിച്ചു. "ഞാനാകുന്നു" എന്ന പ്രയോഗം ദൈവം മുൾപ്പടർപ്പിൽ വച്ച് മോശെയോടു സംസാരിച്ചതുപോലെയാണ്: "ഞാനാകുന്നവൻ ഞാനാകുന്നു" (പുറപ്പാട് 3:14). ഇത് തീർച്ചയായും യാദൃശ്ചികമായിരുന്നില്ല; യോഹന്നാന്റെ സുവിശേഷത്തിൽ തുടർച്ചയായി യേശു തന്റെ വ്യക്തിത്വം ആളുകളോട് അറിയിക്കുകയായിരുന്നു. യേശു പിന്നീട് അവരുടെ ഏറ്റവും മുഖ്യമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാൻ തനിക്കേ സാധിക്കൂ എന്ന് പറഞ്ഞു. പലപ്പോഴും, നമ്മുടെ പ്രാഥമികമല്ലാത്ത ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനാണ് ദൈവസന്നിധിയിൽ വരുന്നത്, അതേസമയം നമ്മുടെ ആത്മാക്കളുടെ ആവശ്യങ്ങൾ വാസ്തവത്തിൽ നിറവേറ്റുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അവരുടെ ഏറ്റവും വലിയ ആവശ്യം വയറുനിറയ്ക്കൽ അല്ല, ആത്മാക്കൾ നിറയ്ക്കൽ ആണ് എന്ന് യേശു തിരിച്ചറിഞ്ഞു. അവരുടെ ആത്മാക്കളുടെ ആഹാരം നിറയ്ക്കുവാൻ അവൻ തന്നെത്തന്നെ വാഗ്ദാനം ചെയ്തു. ആളുകൾ അവരുടെ കുറഞ്ഞ ആവശ്യങ്ങളായ ആഹാരവും രാഷ്ട്രീയ സ്വാതന്ത്ര്യവും അന്വേഷിക്കുകയാണെന്ന് യേശുവിനുമനസ്സിലായി. അവർക്ക് ഏറ്റവും കൂടുതൽ ആവശ്യം ദൈവം ആണെന്ന് അവൻ അറിഞ്ഞിരുന്നു!

ആളുകളുടെ പ്രതികരണം പിറുപിറുക്കലായിരുന്നു. വീണ്ടും, പുറപ്പാടിലെ സംഭവം നമ്മെ ഓർപ്പിക്കുന്നു, ഇസ്രായേൽ ജനം, ദൈവമവരെ വേണ്ടത്ര കരുതിയില്ല എന്ന തോന്നൽ തുടർച്ചയായിട്ട് പിറുപിറുത്തിരുന്നു. ഈ സമയത്ത് യെഹൂദന്മാർ പിറുപിറുക്കുവാൻ കാരണം യേശുക്രിസ്തു തനിക്കുള്ള മഹത്തായ അവകാശങ്ങൾ നടത്തിയതാണ്. ചിലർ യേശുവിന്റെ മാനുഷിക കുടുംബത്തെയും അവന്റെ സാധാരണ ആരംഭത്തെയും അവർ കണ്ടു. അവർ അവനെ "പ്രവാചകൻ" ആയി തിരിച്ചറിയുകയും ചെയ്തു എന്നു തോന്നുന്നു (6:14), അവർ അവനെ രാജാവാക്കുവാൻ ഭാവിക്കുകയും ചെയ്തു, എന്നാൽ അവൻ സ്വർഗ്ഗത്തിൽ നിന്നുവന്ന തികഞ്ഞ ദൈവപുത്രനാണെന്ന് സ്വീകരിപ്പാൻ അവർക്കു കഴിഞ്ഞില്ല! പുരുഷാരം അവന്റെ ഉപദേശത്തിൽ കലക്കത്തിലും തെറ്റിദ്ധാരണയിലും ആയപ്പോൾ, യേശു എന്തു ചെയ്തു എന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ഞാൻ വിചാരിക്കുന്നത് വിവാദം മാറ്റുകയും കേൾവിക്കാരെ ആശ്വസിപ്പിക്കയും ചെയ്യുമെന്നാണ്, എന്നാൽ യേശുവിന്റെ തീരുമാനം ബൈബിളിൽ മറ്റൊരിടത്തും കാണാത്തവിധം ഏറ്റവും ദ്രുതഗതിയിലും കർശനവുമായ ഉപദേശമാണ് നൽകിയത്!

**തികഞ്ഞ ശിഷ്യത്വം (6:53-56)**

യേശുപറഞ്ഞു, "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയുമിരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല" (6:53). ക്രിസ്തീ

യവിശ്വാസത്തിന്റെ ആരംഭകാലത്ത്, ക്രിസ്ത്യാനികൾക്കെതിരായി നര ഭോജികൾ എന്ന ആരോപണമുണ്ടായിരുന്നു. പുറത്തുള്ളവർ ക്രിസ്ത്യാനികളുടെ ഭാഷയിൽ പലപ്പോഴും അന്ധാളിക്കുകയുണ്ടായി, പ്രത്യേകിച്ച് യേശുവിന്റെ വാക്കുകളായ അവന്റെ മാംസം തിന്നുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുക എന്ന് ആവർത്തിച്ചുകേട്ടപ്പോൾ! അത്തരം അതിരുകവിഞ്ഞ പ്രസ്താവനയിൽ അവൻ എന്തായിരുന്നു അർത്ഥമാക്കിയത്?

പുരുഷാരത്തിൽ ചിലർക്ക് അത് ഒരു ഭ്രാന്തുള്ള മനുഷ്യന്റെ ജല്പനമായിട്ടേ കാണാൻ കഴിഞ്ഞുള്ളൂ, എന്നാൽ മനുഷ്യപുത്രനോടുള്ള ശരിയായ ബന്ധം ദഹിപ്പിക്കുന്ന ഒന്നാണെന്ന് യേശു ഊന്നിപ്പറയുകയായിരുന്നു. വെറും സ്നേഹിതന്മാർ, പടയാളികൾ, അല്ലെങ്കിൽ പ്രജകൾ എന്നീ നിലയിൽ ബന്ധപ്പെടുന്നതിനേക്കാളുപരിയായി, യേശു ശഠിച്ചത് ഓരോ വാസ്തവത്തിലുള്ള അനുയായിയും "അവൻ എന്നിലും, ഞാൻ അവനിലും വസിക്കും" എന്ന രീതിയിൽ ആവണം (6:56). തന്റെ ജനത്തിന് അവൻ ഒരു രാജാവിനോടുള്ള, സൈന്യാധിപനോടുള്ള, അല്ലെങ്കിൽ വിദ്യാർത്ഥികൾക്ക് അവരുടെ ഗുരുവിനോടുള്ള ബന്ധത്തേക്കാൾ ഏറ്റവും അടുത്ത അനുയായിയായി തീരണമെന്നാണ് അവന്റെ ആഗ്രഹം. അവരുടെ ശരീരങ്ങളിൽ യേശുതിന്നുവാൻ പറഞ്ഞ അപ്പം ദഹിച്ച് അലിഞ്ഞുചേരണം. മറ്റൊരുവാക്കിൽ പറഞ്ഞാൽ, യേശു പറഞ്ഞു, "നിങ്ങളുടെ ഏറ്റവും അകത്ത് പ്രവേശിക്കുവാൻ എന്നെ നിങ്ങൾ അനുവദിക്കണം."

2000 വർഷങ്ങൾക്കുമുൻപ് യേശുവിന്റെ സന്ദേശം ഞെട്ടിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും ആയിരുന്നതുപോലെതന്നെയാണ് ഇന്നും. തന്റെ അനുയായികളാകുവാൻ ആഗ്രഹിക്കുന്നവർ അവനുമായി സാധാരണ ബന്ധം പുലർത്തുവാൻ ആഗ്രഹിക്കുന്നത് അവൻ ഇന്നും തള്ളിക്കളയുന്നു. നമ്മുടെ അസ്ഥികളിലെ മജ്ജ പോലെയും, ശ്വാസകോശത്തിലെ ശ്വാസം പോലെയും, ധമനികളിലെ രക്തം പോലെയും അവൻ നമ്മോടു ചേർന്നിരിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ ഏതുരഹസ്യഭാഗത്തും, നമ്മുടെ ബാങ്ക് അക്കൗണ്ടിലായാലും നമ്മുടെ വിവാഹബന്ധത്തിലായാലും, നമ്മുടെ അഭിലാഷങ്ങളിലായാലും പ്രവേശിക്കുവാൻ അവനെ അനുവദിക്കണം. ജീവന്റെ അപ്പം എന്ന നിലയ്ക്ക്, നമ്മോട് 100 ശതമാനത്തിൽ കുറഞ്ഞ ബന്ധമൊന്നും അവൻ സ്വീകരിക്കുകയില്ല.

## പ്രതികരണം (6:60-69)

### പുരുഷാരം (6:60-66)

യേശുവിന്റെ സന്ദേശം കേട്ടതിനാൽ പുരുഷാരം തുടർച്ചയായി പിറുപിറുക്കാൻ തുടങ്ങി. ഈ ഉപദേശം, അവർ പറഞ്ഞു, എത്ര "കഠിനം" (6:60). ഉപദേശം കഠിനമാകാൻ കാരണം, അവരുടെ ഹൃദയം കഠിനമായിരുന്നു. പിന്നെ, ബൈബിളിലെ ഏറ്റവും ദുഃഖകരമായ വാകൃങ്ങൾ യോഹന്നാൻ രേഖപ്പെടുത്തി, "അന്നുമുതൽ അവന്റെ ശിഷ്യ

ന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല" (6:66). ഇത് യേശുവിന്റെ ഗലീലയിലെ പരസ്യ ശുശ്രൂഷയുടെ ഒരു വഴിത്തിരിവായിരുന്നു. അവൻ അയ്യായിരം പേരെ പോഷിപ്പിച്ച സമയത്തിലെ പോലെ, വീണ്ടും ഒരിക്കലും അവൻ പ്രസിദ്ധി ഇഷ്ടപ്പെടുകയോ ജനക്കൂട്ടത്തിന്റെ ഇഷ്ടം നോക്കുകയോ ചെയ്തില്ല. ജനക്കൂട്ടം വന്ന്, അവർ സ്വർഗ്ഗീയ അപ്പം ഭക്ഷിച്ചു, അവർ ആവേശഭരിതരായി, അവർ യേശുവിന്റെ കഠിനമായ ഉപദേശം കേട്ടു, അവസാനം, അവർ പിൻവാങ്ങിപ്പോയി. യേശുവിനെ അവരുടെ രാജാവാക്കുവാൻ അവർക്ക് താല്പര്യമുണ്ടായിരുന്നു, എന്നാൽ അവനെ അവരുടെ കർത്തായി സ്വീകരിപ്പാൻ അവർക്കുമനസ്സില്ലായിരുന്നു.

**പന്തിരുവർ (6:67-69)**

നിരാശയും ദേഷ്യവും പൂണ്ട ആളുകൾ തുടർന്നും യേശുവിൽനിന്നകന്നുപോയി, അവൻ പന്തിരുവരിലേക്ക് തിരിഞ്ഞു, അവരോട്, അവർക്കും, പൊയ്ക്കോൾവാൻ മനസ്സുണ്ടോ എന്നുചോദിച്ചു, പത്രൊസ്, സാധാരണ ചെയ്യാറുള്ളതുപോലെ, കൂടുതൽ ബുദ്ധിയോടുകൂടി തിരിച്ചറിഞ്ഞുമറുപടി പറഞ്ഞു. അവൻ പറഞ്ഞു, "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്?" (6:68). പത്രൊസിനും ശേഷം പതിനൊന്നുപേർക്കും ശേഷം പേരെപ്പോലെ തെറ്റിദ്ധരിക്കയും നിരാശപെടുകയും ചെയ്യാമായിരുന്നു, എന്നാൽ അവർ യേശുമാത്രമാണ് തങ്ങളുടെ ഏക പ്രത്യാശയെന്ന് തിരിച്ചറിഞ്ഞിരുന്നു. അവൻ അവരെ താഴ്ത്തുവാൻ ശ്രമിച്ചതായി അവർക്കുതോന്നിയെങ്കിലും, അവർ അപ്പോഴും അവനിൽ വിശ്വസിച്ചു. മറ്റുള്ളവർ വിട്ടുപോയപ്പോൾ അവർ അവനോടുകൂടെ നിന്നത് പന്തിരുവർക്ക് വാസ്തവത്തിലുള്ള, ബൈബിൾ വിശ്വാസത്തെയാണ് കാണിക്കുന്നത്.

ഫ്രാൻസിസ് ഷെഫെർ[2] ആളുകളെ ദൈവത്തിലേയ്ക്ക് കൊണ്ടുവരുന്നതിലുള്ള താക്കോൽ ആണ് പത്രോസ് പറഞ്ഞ ഈ വേദഭാഗം എന്ന് വിശ്വസിച്ചിരുന്നു. അവിശ്വാസികളെ ദൈവത്തെക്കുറിച്ച് ഷെഫെർ ബോധ്യപ്പെടുത്തികൊടുക്കുമ്പോൾ, അദ്ദേഹം വിശ്വാസത്തിനുപകരമുള്ള കാര്യങ്ങളെ നോക്കുവാൻ ആവശ്യപ്പെടുന്നു. മാനുഷിക മേന്മയുടെ അടിസ്ഥാനമോ, പ്രത്യാശയോ തികഞ്ഞ ശരിയോ തെറ്റോ ഈ ലോകത്തിലെ ജീവിതത്തിൽ കാണുവാൻ അവരോടാവശ്യപ്പെടുന്നു. അത്തരം അർഥമില്ലാത്തവയിൽ മനുഷ്യർക്ക് ജീവിക്കുവാൻ കഴിയുകയില്ല എന്ന് അദ്ദേഹത്തിനു ബോധ്യമായിരുന്നു. ഷഫർ ആദ്യം ആളുകളെ നിരാശയുടെ വക്കിൽ കൊണ്ടുചെന്നാക്കിയിട്ട് പിന്നെ പത്രൊസിന്റെ തിരിച്ചറിയലിലേക്ക് കൊണ്ടുവരും: "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്."

## ഉപസംഹാരം

ഈ പാഠം അവസാനിപ്പിക്കുന്നതിനുമുൻപ് ഒരു പ്രതികരണം കൂടെ

നമുക്ക് നിരീക്ഷിക്കേണ്ടതായിട്ടുണ്ട്: ഒന്നാം അധ്യായത്തിൽ നിന്ന് യോഹന്നാന്റെ സുവിശേഷം ദൈവത്തിന്റെ വചനം എങ്ങനെ "നമ്മുടെയിടയിൽ വസിച്ചു." അവൻ മനുഷ്യരെ തിരഞ്ഞാണുവന്നത്. ആളുകൾ അവന്റെ ഉപദേശത്തിൽ പിൻവാങ്ങിപ്പോയപ്പോൾ അവന്റെ പ്രതികരണം എന്തായിരുന്നു? യേശു ചെയ്തതിനെക്കാൾ അധികമായി ആളുകൾ രക്ഷിക്കപ്പെടുവാൻ ഒരിക്കലും ചെയ്തില്ല, എങ്കിലും അവൻ അവർ പോകുന്നത് നിന്നുകാണുകയും ചെയ്തു. തീർച്ചയായും അവന്റെ ഹൃദയം നുറുങ്ങിക്കാണും, എന്നാൽ അവൻ അവരുടെ പുറകെ പോയി മടങ്ങിവരുവാൻ യാചിക്കുകയാവും, തന്റെ സന്ദേശം അവരെ നിർത്തേണ്ടതിനു മൃദുവാക്കുകയോ ചെയ്തില്ല! അവൻ ജീവന്റെ അപ്പമായിരുന്നു, ആണ്, അതുകൊണ്ടവൻ "മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും" (6:53) ഇരുന്നാൽ അവൻ സ്വീകരിക്കയില്ല. അത് ഒരു കഠിനമായ സന്ദേശമാണ്, എന്നാൽ അതുമാത്രമാണ് ജീവൻ നല്കുന്ന സന്ദേശം!

യേശു അന്ന് തന്നെ അനുഗമിക്കുവാൻ വന്ന ആദിമ ശിഷ്യന്മാരോട് ആവശ്യപ്പെട്ട, കഠിനമായ തിരഞ്ഞെടുപ്പ് തന്നെയാണ് ഇന്നും ആവശ്യപ്പെടുന്നത്. നാം അവനെക്കൂടാതെ തീരാനഷ്ടത്തിൽ ആവുന്നതുകൊണ്ട് അവന്റെ കഠിനമായ ഉപദേശം സ്വീകരിക്കണം, നമ്മുടെ വിശ്വാസയാത്ര അവന്റെ കല്പനകൾ അനുസരിക്കുന്നതിലേക്ക് നമ്മെ നയിക്കുകയും വേണം. ഈ യാത്ര വിശ്വാസത്തോടുകൂടെ (യേശുവിനെ നമ്മുടെ ജീവിതത്തിൽ ആശ്രയിച്ചുകൊണ്ട്), മാനസാന്തരപ്പെട്ട് (നമ്മുടെ പാപവഴികളിൽ നിന്ന് തിരിഞ്ഞു), ("വെള്ളത്തിനാലും ആത്മാവിനാലും ജനിച്ച്" ധവീണ്ടുംപ സ്നാനമേൽക്കുകയും വേണം; യോഹന്നാൻ 3:5). പിന്നെ യോഹന്നാന്റെ സുവിശേഷത്തിലെ വാക്കുകൾ ഉപയോഗിക്കുവാൻ, അവൻ നമ്മിൽ ആകുന്നതുപോലെ അവനിൽ നാം തുടർച്ചയായി വസിക്കുകയും വേണം (യോഹന്നാൻ 6:56; 15:4–7).

---

കുറിപ്പുകൾ

[1]ടോൾഡ് ഇൻ ലെയോൺ മോറിസ്, *എക്സ്പോസിറ്ററി റിഫ്ളക്ഷൻസ് ഓൺ ദ ഗോസ്പെൽ ഓഫ് ജോൺ* (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1988), 175. [2]ഫ്രാൻസിസ് എ. ഷെഫെർ, *ദ ഗോഡ് ഹൂ ഇസ് ദേയർ* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രെസ്, 1968), 126–31.

© 2009 Truth for Today